Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2020/1515 (7) തീയതി : 27.02.2020

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - അവശേഷിക്കുന്ന ക്ലാസ് മുറികളിൽ പ്രൊജക്ടർ മൗണ്ടിംഗ്, വൈറ്റ് സ്ക്രീൻ സജ്ജമാക്കൽ എന്നിവയ്ക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. സ.ഉ. (സാധാ) നം. 168/2018/പൊ.വി.വ. തീയതി 10.01.2018
2. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09.02.2018-ലെ APR-2/332/2017/KIIFB നമ്പർ കത്ത്
3. ഈ ഓഫീസിലെ 16.02.2018 ലെ KITE/2018/1515(22) നമ്പർ സർക്കുലർ
4. ഈ ഓഫീസിലെ 03.05.2018 ലെ KITE/2018/1515(10) നമ്പർ നടപടി ഉത്തരവ്
5. ഈ ഓഫീസിലെ 23.11.2018 ലെ KITE/2018/1515(11) നമ്പർ നടപടി ഉത്തരവ്
6. ഈ ഓഫീസിലെ 01.02.2019 ലെ KITE/2019/1515 (7) നമ്പർ സർക്കുലർ
7. ഈ ഓഫീസിലെ 27.06.2019 ലെ KITE/2019/1515 (15) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സർക്കാർ, എയിഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി ക്ലാസ് മുറികളിൽ പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് ഇൻസ്റ്റാൾ ചെയ്യുന്നതിന് ക്ലാസൊന്നിന് 1000/- രൂപയും ക്ലാസ് മുറിയിലെ ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിന് ഒരു ക്ലാസ്മുറിക്ക് 1500/- രൂപയും സൂചന (2) പ്രകാരം അനുവദിച്ചിട്ടുണ്ട്. സൂചന (3) പ്രകാരം ഓരോ സ്കൂളിൽ നിന്നും ഇതിനുവേണ്ട തുക ആവശ്യപ്പെട്ടു ന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സൂചന (4) പ്രകാരം ഒന്നാം ഘട്ടത്തിലും സൂചന (5) പ്രകാരം രണ്ടാം ഘട്ടത്തിലും വിതരണം ചെയ്ത ഉപകരണങ്ങൾ ക്കുള്ള തുക അനുവദിച്ചിരുന്നു. അവശേഷിക്കുന്ന ക്ലാസ് മുറികളിൽ പ്രൊജക്ടർ മൗണ്ട് ചെയ്യുന്നതിനും ക്ലാസ് മുറിയിലെ ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിനും സൂചന (6), (7) പ്രകാരം ക്രമീകരണങ്ങൾ ഒരുക്കിയിരുന്നു. പ്രസ്തുത കാലയളവിന് ശേഷം സജ്ജമായ ക്ലാസ് മുറികളിലേക്ക് ഉപകരണവിതരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന ക്ലാസുകളിലും മുമ്പ് ലഭ്യമാക്കിയ പ്രൊജക്ടർ മൗണ്ട് ചെയ്യുന്നതിനും ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിനും തുക ക്ലെയിം ചെയ്യാതിരുന്ന സ്കൂളുകൾ ക്ക് ആവശ്യമെങ്കിൽ ക്ലെയിം ചെയ്യുന്നതിന് അവസരം നൽകുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെട്ട് ഉപകരണങ്ങൾ ലഭ്യമായ ക്ലാസ് മുറികളിൽ ഇതുവരെ പ്രൊജക്ടർ മൗണ്ട് ചെയ്യുന്നതിനും ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിനും തുക അനുവദിക്കാത്ത ക്ലാസ് മുറികളിൽ ടി പ്രവർത്തനങ്ങൾ നടത്തുന്നതിന് തുക ആവശ്യമെങ്കിൽ അതത് സ്കൂളിൽ നിന്ന് പ്രഥമാധ്യാപകർ രേഖാമൂലം അപേക്ഷ കൈറ്റിന്റെ ജില്ലാകോർഡിനേറ്റർക്ക് 02.03.2020-നകം നൽകേണ്ടതാണ്.

2. ടി ആവശ്യത്തിന് ഇതുവരെ സ്കൂളുകൾക്ക് അനുവദിച്ച തുകയുടെ ഉപയോഗ സർട്ടിഫിക്കറ്റ് അതത് പ്രഥമാധ്യാപകർ ഒപ്പിട്ട് ഓഫീസ് സീൽ വച്ച് കൈറ്റിന്റെ ജില്ലാ ഓഫീസിൽ ടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. സ്കൂളുകൾ നൽകുന്ന അപേക്ഷ ഓരോ സ്കൂളിലും സർവെ നടത്തിയ മാസ്റ്റർ ട്രെയിനർ പരിശോധിച്ച് ഉറപ്പുവരുത്തി ശുപാർശ സഹിതം ജില്ലാ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതും ജില്ലാ കോ-ഓർഡിനേറ്റർ ആയത് പരിശോധിച്ച് ആമുഖ കത്ത് സഹിതം താഴെപ്പറയുന്ന മാതൃകയിൽ തുക ആവശ്യപ്പെട്ടുകൊണ്ട് 06.03.2020-നകം കൈറ്റിന്റെ സംസ്ഥാന ഓഫീസിൽ ലഭ്യമാക്കേണ്ടതും കൈറ്റിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് അതത് സ്കൂളുകൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

| സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | ആകെ ക്ലാസ് മുറികൾ | പ്രൊജക്ടർ മൗണ്ടിംഗിന് അനുവദിച്ച തുക | സ്ക്രീൻ പെയിന്റിംഗിന് അനുവദിച്ച തുക | ലഭ്യമായ സ്ക്രീനുകളുടെ എണ്ണം | ഇതുവരെ പ്രൊജക്ടർ മൗണ്ട് ചെയ്യുന്നതിനും ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിനും തുക അനുവദിക്കാത്ത ക്ലാസ് | | | | ആകെ തുക | മാസ്റ്റർ ട്രെയിനറുടെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | പ്രൊജക്ടർ മൗണ്ട് ചെയ്യേണ്ട ക്ലാസ് മുറികൾ | | പെയിന്റ് ചെയ്ത് സ്ക്രീൻ സജ്ജമാക്കേണ്ട ക്ലാസ് മുറികൾ | | | |
| | | | | | | എണ്ണം | തുക | എണ്ണം | തുക | | |
| | | | | | | | | | | | |
| ജില്ലാ കോർഡിനേറ്ററുടെ ഒപ്പ് | | | | | | | | | | | |

**കെ.അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ, മാസ്റ്റർ ട്രെയിനർമാർക്കും
പി.എം.യു, കൈറ്റ്/അക്കൗണ്ട്സ് വിഭാഗം, കൈറ്റ്/കരുതൽ ഫയൽ